ആലുവ ശിവരാത്രി മണപ്പുറത്ത് പോലീസ് കൺട്രോൾ റൂം ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന ഉദ്ഘാടനം ചെയ്തു. ദേവസ്വം ബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അജിത് കുമാർ, എ.എസ്.പി അണ്ടർ ട്രയ്നി അഞ്ജലി ഭാവന, അഡീഷണൽ എസ്.പി പി.എം.പ്രദീപ്, ഡി.വൈ.എസ്.പിമാരായ എ.പ്രസാദ്, വി.അനിൽ, വിശാൽ ജോൺസൻ, ഇൻസ്പെക്ടർ എം.എം.മഞ്ജു ദാസ് മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ആഘോഷങ്ങൾ കഴിയുന്നതു വരെ 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കും. നിരീക്ഷണ ക്യാമറകൾ പരിശോധിക്കുന്ന സംവിധാനം, അടിയന്തിര സാഹചര്യങ്ങൾ നേരിടാനുള്ള സംവിധാനം, മെഡിക്കൽ സർവ്വീസ് എന്നിവ ഇവിടെ ഉണ്ടാകും. രണ്ട് ഡിവൈഎസ്പി മാരുടെ നേതൃത്വത്തിലാണ് ശിവരാത്രി ദിനത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കുക. ആഘോഷങ്ങളുടെ ഭാഗമായി ജില്ലാ പോലീസ് മേധാവിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1200 പോലീസുദ്യോഗസ്ഥരെയാണ് വിന്യസിച്ചിട്ടുള്ളത്.